പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4457 — 17.05.2017 -ൽ മറുപടിക്ക്.

## ഹോട്ടലുകൾ ഭക്ഷണസാധനത്തിന്റെ വില പ്രദർശിപ്പിക്കണമെന്ന നിയമം

| ചോദ്യം<br>**ശ്രീ.സി.കൃഷ്ണൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കേരളത്തിലെ സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ള ഹോട്ടലുകളിൽ ഭക്ഷണ സാധനത്തിന്റെ വില നിശ്ചയിക്കുന്ന തിനും ഗുണമേന്മ ഉറപ്പുവരുത്തുന്ന തിനും നിലവിൽ നിയമം ഉണ്ടോ ; | (എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിലാണ് വില ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമം ഇല്ല. ഭക്ഷണസാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതും ഉറപ്പ് വരുത്തുന്നതും ഭക്ഷ്യ സുരക്ഷാ വകുപ്പാണ്. |
| (ബി) ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം പരിഗണന യിൽ ഉണ്ടോ ? | (ബി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയള വിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാ ത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപര മായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്ന തിനായി 10.08.2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാ മെന്ന് ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു. |
| (സി) ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷണസാധനങ്ങളുടെ വില പ്രദർശി പ്പിക്കണമെന്ന് നിലവിൽ നിയമം മൂലം നിഷ്കർഷിക്കുന്നുണ്ടോ ; | (സി) ഉണ്ട്. |

| | | |
|---|---|---|
| (ഡി) | ഇല്ലെങ്കിൽ ഈ മേഖലയിൽ സർക്കാർ ഇടപെടൽ പരിഗണനയിൽ ഉണ്ടോ ; | (ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഇ) | ഉണ്ടെങ്കിൽ നിയമം കർശനമായി നടപ്പിലാക്കാൻ സർക്കാർ ഏത് വിധത്തിൽ ഇടപെടുന്നു എന്ന് വ്യക്തമാക്കാമോ ; | (ഇ) ഭക്ഷണ സാധനങ്ങളുടെ വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഉറപ്പ് വരുത്താനായും വില വിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിൽ കൂടുതൽ വില ഭക്ഷണ സാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോ എന്ന് പ്രത്യേകം പരിശോധിക്കുന്നതിനുമായി പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യു, ലീഗൽ മെട്രോളജി എന്നീ വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of Prices by Catering Establishments) Order, 1977 ലെയും 1980 ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order എന്നിവ പ്രകാരവും ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ